# സാമൂഹിക പ്രത്യാഘാത പഠനം

## അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലം - രണ്ടാംഘട്ടം
## കണയന്നൂർ താലൂക്ക്,
## എറണാകുളം, എളംകുളം വില്ലേജുകൾ
## 0.5099 ഹെക്ടർ

## കരട് റിപ്പോർട്ട്

റിക്വസിഷൻ അധികാരി
റോഡ്സ് & ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്,
(ആർ.ബി.ഡി.സി.കെ)


കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്
കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002
ഫോൺ : 0481 2572781, 2573875
E-mail :keralavhs@yahoo.co.in
Web :www.keralavhs.com


KERALA V H S COLLECTORATE P.O. MULLANKUZHY KOTTAYAM-2

## ഉള്ളടക്കം


അദ്ധ്യായം - 1- പഠന റിപ്പോർട്ട് - രത്ന ചുരുക്കം

1.1 ആമുഖം - പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

(ബി).പദ്ധതി ബാധിതരുടെ വിവരങ്ങൾ

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

(ഡി). സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം

1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർ ദ്ദേശങ്ങൾ

1.5. സാമൂഹിക പ്രത്യാഘാതം

1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ

1.7. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

അനുബന്ധരേഖകൾ

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. ഗസറ്റ് നോട്ടിഫിക്കേഷൻ


COLLECTORATE P.O. MULLANKUZHY KOTTAYAM-2 KERALA V H S

## സാമൂഹിക പ്രത്യാഘാത പഠനം
## അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലം - രണ്ടാംഘട്ടം
## കണയന്നൂർ താലൂക്ക്,
## എറണാകുളം, ഏലംകുളം വില്ലേജുകൾ
## 0.5099 ഹെക്ടർ

### പഠന റിപ്പോർട്ട്- രത്ന ചുരുക്കം

### 1.1. ആമുഖം - പദ്ധതിയും പൊതു ആവശ്യവും

അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണം ഒരു രാജ്യത്തിന്റെ സാമൂഹ്യ - സാമ്പത്തിക വികസനത്തിന് അത്യാവശ്യ ഘടകമാണ്. ദിവസേന എന്നവണ്ണം വർദ്ധിക്കുന്ന ജനസംഖ്യ, വാഹനങ്ങളുടെ പെരുപ്പം എന്നിവ അടിസ്ഥാന സൗകര്യ വികസനത്തിൽ വലിയ തോതിലുള്ള വേഗതയ്ക്ക് സർക്കാരുകളെ നിർബന്ധിക്കുന്നു. എന്നാൽ ജന നിബിഢമായ പ്രദേശങ്ങളിൽ ഇപ്രകാരമുള്ള അടിസ്ഥാന സൗകര്യ വികസനം പലപ്പോഴും പല കാരണങ്ങൾ കൊണ്ടും, വലിയ തോതിൽ താമസ്സപ്പെടുകയോ, നീട്ടി വയ്ക്കപ്പെടുകയോ ചെയ്യപ്പെടുന്നു. ഇത് പദ്ധതി പ്രദേശത്ത് വലിയ തോതിലുള്ള ബുദ്ധിമുട്ടുകൾ, പ്രയാസങ്ങൾ എന്നിവ സൃഷ്ടിക്കുകയും ജനങ്ങൾ പദ്ധതിക്ക് അനുകൂലമല്ലാത്ത അഭിപ്രായങ്ങൾ രൂപപ്പെടുത്തുന്ന സാമൂഹ്യ അവസ്ഥ രൂപപ്പെടുത്തുകയും ചെയ്യും.

അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് പാലങ്ങൾ, ഭൂഗർഭ പാതകൾ എന്നിവ. രണ്ട് ഗതാഗത സൗകര്യങ്ങൾ പരസ്പരം ഖണ്ഡിക്കേണ്ടി വരുന്ന അവസരങ്ങളിലാണ് പാലങ്ങൾ ആവശ്യമായി വരുന്നത്. താരതമ്യേന ചിലവ് കൂടിയ ഗതാഗത സൗകര്യമാണ് പാലങ്ങൾ എന്നുള്ളത്കൊണ്ട് തന്നെ പാലങ്ങളുടെ നിർമ്മാണം അത്യാവശ്യ സ്ഥലങ്ങളിലും അത്രമേൽ പ്രധാനപ്പെട്ട സാഹചര്യത്തിലും മാത്രമാണ് അംഗീകരിക്കപ്പെടാറുള്ളത്. റെയിൽവേ മേൽപ്പാലങ്ങളുടെ കാര്യത്തിലും ഇത് പ്രധാനമാണ്. പ്രധാനപ്പെട്ട രണ്ട് ഉപരിതല ഗതാഗത മാർഗ്ഗങ്ങൾ ആയ റോഡ് ഗതാഗതവും റയിൽ ഗതാഗതവും ഖണ്ഡിക്കപ്പെടുന്ന സ്ഥലങ്ങളിൽ ആണ് റെയിൽവേ മേൽപ്പാലം സൃഷ്ടിക്കുന്നത്. അതായത് ഓരോ റെയിൽവേ മേൽപ്പാലങ്ങളും സാമൂഹ്യ - സാമ്പത്തിക പ്രയോജനങ്ങൾ സൃഷ്ടിക്കപ്പെടുന്നതും, ജനോപകാരപ്രദവും ആവണം.

കൊച്ചി അറ്റ്ലാൻഡിസ് റെയിൽവേ മേൽപ്പാലം, വളരെക്കാലമായി അംഗീകാരം ലഭ്യമായി. ചില സാങ്കേതിക കാരണങ്ങൾ കൊണ്ട് നടപ്പിലാക്കാൻ താമസം നേരിട്ട പദ്ധതിയാണ്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടി ഒന്നാംഘട്ടം പൂർത്തീകരിക്കുകയും ഉദ്ദേശം പത്തോളം പദ്ധതി ബാധിതർക്ക് നഷ്ട പരിഹാരം വിതരണം ചെയ്യുകയും അതേ തുടർന്ന് അവർ താമസ ഭവനങ്ങൾ ഒഴിയുകയും ചെയ്തിട്ടുണ്ട്.

എന്നാൽ പദ്ധതിയുടെ രൂപരേഖയിൽ ചില മാറ്റങ്ങൾ വന്നതിന്റെ അടിസ്ഥാനത്തിലും പുതിയ ഭൂമി ഏറ്റെടുക്കൽ നിയമം നടപ്പായതിന്റെ കാരണത്താലും, പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ പുനർ നടപടികൾക്ക് വിധേയമാക്കുകയും, ആയതിന്റെ ഭാഗമായി സാമൂഹ്യ പ്രത്യാഘാത പഠനത്തിന് സമർപ്പിക്കുകയും ആയിരുന്നു. ഫെബ്രുവരി 17-ാം തീയതി പുറത്തു വന്ന ഗവൺമെന്റ് വിജ്ഞാപനം അടിസ്ഥാനമാക്കി സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തീകരിച്ചു എങ്കിലും ജനറൽ ഇലക്ഷൻ നിയന്ത്രണങ്ങൾ നില നിന്നതി

COLLECTORATE P.O. KOTTAYAM-2 MULLANKUZHY KERALA VHSS

നാൽ പൊതു അഭിപ്രായ സ്വീകരണം നടത്താൻ സാധിച്ചിരുന്നില്ല. തുടർന്ന് കോവിഡ് മഹാമാരിയുടെ വ്യാപനം സംബന്ധമായ അടച്ചിടൽ നടപടിയുടെ ഭാഗമായ നിയന്ത്ര ണവും, പൊതു അഭിപ്രായ സ്വീകരണം നീട്ടി വയ്ക്കാൻ കാരണമായി. ഇതാണ് സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സാഹചര്യം.

പദ്ധതിയുടെ പൊതു താൽപ്പര്യ പ്രസക്തി പദ്ധതി ബാധിതരും, പദ്ധതി ഉപഭോക്താക്കളും ശരിവയ്ക്കുന്നതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, പുനരധി വാസത്തിനും, സുതാര്യതയ്ക്കും ഉള്ള അവകാശ നിയമം 2013 ഉം അനുബന്ധ വിജ്ഞാപ നങ്ങളും അടിസ്ഥാനമാക്കിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾക്കും പദ്ധതി വിധേയ മാക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ്, സംസ്ഥാന തലത്തിൽ സാമൂഹ്യ പ്രത്യാഘാത പഠനം നടത്താൻ തെരഞ്ഞെടു ത്തിരിക്കുന്ന സംഘടനകളിൽ ഉൾപ്പെടുന്ന കേരള വോളന്ററി ഹെൽത്ത് സർവ്വീസിനെ പ്രത്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തുകയുണ്ടായി. ഈ സാമൂഹ്യ പ്രത്യാഘാത റിപ്പോർട്ടിന്റെ അടിസ്ഥാനം ഇതാണ്.

### 1.2. പദ്ധതി പ്രദേശം

എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനും വെല്ലിംഗ്ടൺ ഐലൻസ് ടെർമിനൽ സ്റ്റേഷനും ഇടയിലുള്ള പ്രധാനപ്പെട്ട റെയിൽവേ ക്രോസ് റോഡാണ് അറ്റ്ലാൻറ്റിസ്. പഴയ ദേശീയ പാതയുടെ ഭാഗമായ എം.ജി. റോഡിനെയും കൊച്ചിയുടെ ഏറ്റവും പ്രധാന താമസ മേഖലയായ പനമ്പള്ളി നഗറിനെയും ബന്ധിപ്പിക്കുന്ന കിഴവന സബ്റോഡ് റെയിൽ പാത ക്രോസ് ചെയ്യുന്ന സ്ഥലമാണ് പദ്ധതി പ്രദേശം. റെയിൽവേ ലൈനിന് സമാന്തരമായി പോകുന്ന പറമ്പിത്തറ റോഡ് കിഴവന റോഡിനെ ക്രോസ് ചെയ്യുന്നതും ഇവിടെ തന്നെയാണ്. ഭൂ ഉടമകളും, കൈയ്യേറ്റക്കാരും ഉൾപ്പെട്ട താമസക്കാർ ആണ് പദ്ധതി പ്രദേശത്ത് ഉള്ളത്.

## 1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

### (എ). ഭൂമി ഏറ്റെടുക്കൽ അധികാരി

സ്പെഷ്യൽ തഹസിൽദാർ ഓഫീസ് (ഭൂമി ഏറ്റെടുക്കൽ), കൊച്ചി കോർപ്പറേഷൻ, വൈറ്റില ആണ് ഭൂമി ഏറ്റെടുക്കൽ സംബന്ധമായ എല്ലാ അളവുകളും പരിശോധനകളും നടത്തിയ ത്. ഡപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) ന്റെ മേൽ നോട്ടത്തിലും, ജില്ലാ കളക്ടറുടെ നേതൃത്വത്തിലുമാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നത്.

### (ബി).പദ്ധതി ബാധിതരുടെ വിവരങ്ങൾ

പതിമൂന്ന് താമസ ഭവനങ്ങൾ, രണ്ട് വ്യാപാര സ്ഥാപനങ്ങൾ, മൂന്ന് പാർപ്പിട സമുച്ചയങ്ങ ളും, ഒരു വിദ്യാഭ്യാസസ്ഥാപനത്തിന്റെയും ചുറ്റുമതിലുകളുടെ ഭാഗം, പത്ത് താമസ ഭവന ങ്ങളുടെ ചമയങ്ങൾ, 23 ഭൂഉടമകളുടെ ഭൂമി നഷ്ടം എന്നിവയാണ് പദ്ധതിയുടെ നേരിട്ടുള്ള പ്രത്യാഘാതം. പതിമൂന്ന് താമസ ഭവനങ്ങളിൽ അഞ്ച്എണ്ണം ഭൂരഹിതരായ താമസക്കാ രുടെയാണ്.

COLLECTORATE P.O. KOTTAYAM-2 MULLANKUZHY KERALA V H S

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

പദ്ധതിക്കുവേണ്ടി 0.5099 ഹെക്ടർ ഭൂമിയാണ് 28 ഭൂവുടമകളിൽ നിന്നും ഏറ്റെടുക്കുന്നത്. സാമൂഹിക വിശകലനം സൂചിപ്പിക്കുന്നത് മൊത്തം ഏറ്റെടുക്കുന്ന ഭൂമിയുടെ 85% താമസസ്ഥലത്തോടു കൂടിയതും അവശേഷിക്കുന്നവയിൽ വ്യാപാര സ്ഥാപനങ്ങളും ഒരു വിദ്യാഭ്യാസസ്ഥാപനത്തിന്റെയും ചുറ്റുമതിലുകളുടെ ഭാഗവും ഉൾപ്പെടുന്നു. കൃഷി ഭൂമിയുടെ നഷ്ടം ഒന്നുംതന്നെ ഉണ്ടാവുന്നില്ല.

(ഡി). സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം

ഇരുപത്തിഎട്ട് പദ്ധതി ബാധിത കുടുംബങ്ങളിൽ അഞ്ച് കുടുംബങ്ങൾ ഭൂഉടമസ്ഥരല്ലാത്ത താമസക്കാരാണ്. ശേഷിക്കുന്ന ഇരുപത്തിമൂന്ന് പദ്ധതി ബാധിതരിൽ വിദ്യാഭ്യാസ നിലവാരം സൂചിപ്പിക്കുന്നത് എല്ലാവരും സാക്ഷരരാണ് എന്നാണ്. ഏഴ് പേർ പത്താംതരം വരെ വിദ്യാഭ്യാസം ഉള്ളവരും ആറ് പേർ ബിരുദമോ അതിന് മുകളിലോ വിദ്യാഭ്യാസം ഉള്ളവരുമാണ്. മതപരമായ വിതരണം സൂചിപ്പിക്കുന്നത് പതിനൊന്ന് കുടുംബങ്ങൾ ക്രിസ്തുമത വിശ്വാസികളും എട്ട് കുടുംബങ്ങൾ ഹിന്ദുമതക്കാരുമാണ്. ജോലിയുടെ വിതരണം കാണിക്കുന്നത് പന്ത്രണ്ട് പേരും സ്വന്തമായ സംരംഭങ്ങളോ സ്വകാര്യജോലിയോ ചെയ്യുന്നവരാണ് എന്നാണ്. രണ്ട് പേർ മാത്രമാണ് സർക്കാർ ജോലിചെയ്യുന്നത്. രണ്ട് പേർ വിവിധ ജോലിയിൽ നിന്നും വിരമിച്ച് വിശ്രമ ജീവിതം നയിക്കുന്നവരും ഒരാൾ തൊഴിൽ രഹിതനുമാണ്. ഭൂഉടമകളായ പദ്ധതി ബാധിതരിൽ ആറ് പേർ സാമൂഹ്യ പിന്നോക്കവസ്ഥയിലുള്ള വിഭാഗത്തിൽ പെടുന്നവരാണ്. ഒൻപത് കുടംബങ്ങൾക്ക് ദാരിദ്ര രേഖയ്ക്ക് താഴെയുള്ള റേഷൻ കാർഡാണ് ഉള്ളത്.

ഭൂരഹിതരായ പദ്ധതി ബാധിതർ എല്ലാവരും സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവരാണ്. എല്ലാവരും ക്രിസ്തുമത വിശ്വാസികളും, മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെടുന്നവരുമാണ്. സാമ്പത്തിക വിതരണം സൂചിപ്പിക്കുന്നത് എല്ലാവർക്കും കുടുംബ മാസവരുമാനം 5000-8000 രൂപയിൽ താഴെയാണ് എന്നാണ്. സാമ്പത്തിക വിതരണം സൂചിപ്പിക്കുന്നത് ആറ് കുടുംബങ്ങളുടെ മാസവരുമാനം മുപ്പതിനായിരം രൂപയ്ക്ക് മുകളിലാണ് എന്നാണ്. എട്ട് കുടുംബങ്ങൾക്ക് 20,000 - 30,000രൂപ മാസവരുമാനം ഉള്ളവരും ആണ്.

1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർ ദ്ദേശങ്ങൾ

| ക്രമ നം. | ബദൽ നിർദ്ദേശങ്ങൾ | വിശദീകരണം |
|---|---|---|
| 1 | ഇപ്പോഴത്തെ റോഡിൽ തന്നെ ഓവർ ബ്രിഡ്ജ് പണിയുക | കൂടുതൽ വീടുകളും വ്യാപാര സ്ഥാപനങ്ങളും നഷ്ടപ്പെടും |
| 2. | തേവര പോലീസ് സ്റ്റേഷൻ ജംഗ്ഷനിൽ നിന്നും ഒരു ഫ്ളൈ ഓവർ നിർമ്മിക്കുക. | വലിയ മുതൽമുടക്കും, കൂടുതൽ പുനരധിവാസവും ആവശ്യമായി വരും |

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

### 1.5. സാമൂഹിക പ്രത്യാഘാതം

പതിമൂന്ന് താമസ ഭവനങ്ങൾ, രണ്ട് വ്യാപാര സ്ഥാപനങ്ങൾ, മൂന്ന് പാർപ്പിട സമുച്ചയങ്ങളും, ഒരു വിദ്യാഭ്യാസസ്ഥാപനത്തിന്റെയും ചുറ്റുമതിലുകളുടെ ഭാഗം, പത്ത് താമസ ഭവനങ്ങളുടെ ചമയങ്ങൾ, 23 ഭൂഉടമകളുടെ ഭൂമി നഷ്ടം എന്നിവയാണ് പദ്ധതിയുടെ നേരിട്ടുള്ള പ്രത്യാഘാതം. പതിമൂന്ന് താമസ ഭവനങ്ങളിൽ അഞ്ച് എണ്ണം ഭൂരഹിതരായ താമസക്കാരുടെയാണ്.

പദ്ധതിയുടെ സാമൂഹ്യ-സാമ്പത്തിക നേട്ടം പരിഗണിക്കുമ്പോഴും, ന്യായമായ നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പ് വരുത്തുന്നതിലൂടെയും ഈ പ്രത്യാഘാതത്തെ ലഘൂകരിക്കാവുന്നതാണ്. എന്നാൽ ഇത്രയധികം താമസ ഭവനങ്ങളുടെ നഷ്ടം പുനരധിവാസ നടപടികളുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. നിർദ്ദിഷ്ട പദ്ധതി വലിയ കാലവിളംബം ഉണ്ടായ വികസന പദ്ധതിയാണ്. അതുകൊണ്ട് തന്നെ പദ്ധതി ബാധിതരും, പ്രദേശവാസികളും, ഭൂമി കൈമാറ്റം, കെട്ടിട നിർമ്മാണം, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് അനുവാദം ലഭ്യമല്ലാതെ വർഷങ്ങളായി ബുദ്ധിമുട്ടുകയാണ്. അതുകൊണ്ട് തന്നെ പദ്ധതിയുടെ സമയ ബന്ധിത പൂർത്തീകരണം ഒരു പ്രധാന പ്രത്യാഘാത ലഘൂകരണ മാർഗ്ഗമാണ്. പദ്ധതി രണ്ട് സർവ്വീസ് റോഡുകളെ ബാധിക്കുന്നുണ്ട്. അനേകം വീടുകളിലേക്ക് ഉള്ള മേൽപ്പറഞ്ഞ സർവ്വീസ് റോഡുകൾ പുനഃസ്ഥാപിക്കുകയും അവയിലൂടെ ഭവനങ്ങളിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങൾ പുനഃസ്ഥാപിക്കുകയും വേണം.

### 1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1. | താമസ ഭവനങ്ങളുടെ നഷ്ടം | നഷ്ടപരിഹാരം പുനരധിവാസം | നഷ്ട പരിഹാരം നൽകുകയും പുനരധിവാസ പുനർവാസ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 2. | താമസ ഭവനങ്ങളുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം, പുനസ്ഥാപനം | നഷ്ട പരിഹാരം നൽകുകയും പുനരധിവാസ പുനർവാസ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 3. | ഭൂമിയുടെ നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക |
| 4. | ഭൂമിയുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക |
| 5. | കെട്ടിടങ്ങളുടെ നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 6. | കെട്ടിടങ്ങളുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം പുനസ്ഥാപനം | നഷ്ട പരിഹാരം നൽകുക<br>ഓരോ പദ്ധതി ബാധിതരെയും പ്രത്യേകമായി പരിഗണിക്കുക.കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെ |

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | |
|---|---|---|---|
| | | | ങ്കിൽ ഇളവ് നൽകുക. |
| 7. | ചമയങ്ങളുടെ നഷ്ടം | നഷ്ട പരി ഹാരം | നഷ്ട പരിഹാരം നൽകുക |
| 8. | ചമയങ്ങളുടെ ഭാഗിക നഷ്ടം | നഷ്ട പരി ഹാരം | നഷ്ട പരിഹാരം നൽകുക |
| 9 | കച്ചവട നഷ്ടം | നഷ്ട പരി ഹാരം, പുനര ധിവാസം | നഷ്ട പരിഹാരവും പുനരധിവാസവും നൽകുക |
| 10 | ടതാഴിൽ നഷ്ടം | നഷ്ട പരിഹാ രവും പുനരധി വാസം | നഷ്ട പരിഹാരവും പുനരധിവാസവും നൽകുക |
| 11 | മരങ്ങളുടെ നഷ്ടം | നഷ്ട പരി ഹാരവും നിയന്ത്രണവും | മതിയായ നഷ്ട പരിഹാരം നൽകു കയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 12 | വീടുകളിലേക്കും ഭൂമിയിലേ ക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം/ പുനർനിർമ്മാ ണം | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടു ത്തുക. |
| 13 | കുടിവെള്ള സ്രോതസ്സുകളുടെ നഷ്ടം | നിയന്ത്രണം, ഒഴിവാക്കുക | സാധ്യമാകുവോളം സംരക്ഷിക്കുക |
| 14 | പൊതു ഉപയോഗ വസ്തുക്ക ളുടെ നഷ്ടം | പുനസ്ഥാപനം | പുനസ്ഥാപനം |
| 15 | ഇടറോഡിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടു ത്തുക. |
| 16 | റോഡ് ഭവനവുമായി വളരെ ചേർന്ന് പോകുന്നു. | സുരക്ഷിതത്തം പുനർവാസം | ഭവനത്തിന്റെ സുരക്ഷ ഉറപ്പാകത്തക്ക വിധം ഉള്ള നടപടികൾ സ്വീകരിക്കുക. നഷ്ട പരിഹാരം നൽകുക |
| 17 | പൊതു ജലസേചന സൗകര്യങ്ങ ളായ കനാൽ/ചെറു തോടുകളു ടെയും നഷ്ടം | പുനസ്ഥാപനം | പുനസ്ഥാപനം |
| 18 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെ ടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിത രുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 19 | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരി ഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചാ യത്ത് തലത്തിലും പ്രവർത്തിക്കുക. |
| 20 | ഉപയോഗശൂന്യമായ തുണ്ടുഭൂമി കളുടെ രൂപപ്പെടൽ | നിയന്ത്രണം | ഉപയോഗശൂന്യമായ തുണ്ടുഭൂമികൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുക. |

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

## 1.7. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

പതിമൂന്ന് താമസ ഭവനങ്ങളുടെ നഷ്ടം രേഖപ്പെടുത്തുന്നു എന്നതുകൊണ്ട് തന്നെ പദ്ധതിയുടെ പ്രത്യാഘാതം ഗുരുതരം എന്ന ഗണത്തിൽ നിർവ്വചിക്കാവുന്നതാണ്. ഭവന നഷ്ടം സംഭവിക്കുന്നതിൽ അഞ്ച് പേർ ഭൂരഹിതരാണ് എന്നത് പ്രത്യാഘാതത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നു. എന്നാൽ ശരിയായ നഷ്ട പരിഹാരം, പുനരധിവാസം എന്നിവയിലൂടെ ഈ പ്രത്യാഘാതം കുറയ്ക്കാൻ സാധ്യമാണ് എന്നതിനാലും, ഭവന നഷ്ടം സംഭവിക്കുന്ന പദ്ധതി ബാധിതർ ന്യായമായ പുനരധിവാസം ലഭ്യമായാൽ പദ്ധതിയുമായി സഹകരിക്കാൻ തയ്യാറാണ് എന്നതും പുനരധിവാസശേഷം പ്രത്യാഘാതം ലഘുതരം എന്ന ഗണത്തിൽപ്പെടുത്താൻ സഹായകരമാണ്. കൂടാതെ വർഷങ്ങളായി നിർദ്ദേശിക്കപ്പെട്ട പദ്ധതി എന്ന നിലയിൽ പദ്ധതി പ്രദേശത്തെ ജനങ്ങൾ, ഭൂമി കൈമാറ്റം, പുതിയ കെട്ടിട നിർമ്മാണം, താമസ ഭവനങ്ങളുടെ അറ്റകുറ്റപ്പണി എന്നിവ നടത്താൻ കഴിയാതെ ബുദ്ധിമുട്ടുകയാണ്. അതുകൊണ്ട് തന്നെ സമയ ബന്ധിത പദ്ധതി പൂർത്തീകരണം ഒരു പ്രത്യാഘാത ലഘൂകരണമാർഗ്ഗമാണ്. ഏകദേശം ഒരു നൂറ്റാണ്ടായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ചുറ്റുമതിൽ, ഉപയോഗത്തിൽ ഇല്ലാത്ത ഒരു ഷെഡ് എന്നിവ നഷ്ടപ്പെടുന്നുണ്ട്. അധ്യായനത്തിന് മുടക്കം കൂടാതെ പദ്ധതി നടപ്പാക്കൽ പൂർത്തീകരിക്കണം എന്ന് പ്രധാനാ അദ്ധ്യാപികയും, രക്ഷകർതൃ സമിതി ഭാരവാഹികളും ആവശ്യപ്പെട്ടിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങൾ നഷ്ടപ്പെടുന്ന രണ്ട് പദ്ധതി ബാധിതർക്കും, ന്യായമായ നഷ്ടപരിഹാരവും, വ്യാപാരം പുതിയ സ്ഥലത്ത് ആരംഭിക്കാൻ ആവശ്യമായ തരത്തിലുള്ള സമയം എന്നിവ നൽകുന്നത് പ്രത്യാഘാത ലഘൂകരണത്തെ സഹായിക്കും. പദ്ധതിമൂലം ഭവനം നഷ്ടപ്പെടുന്ന എട്ട് ഭൂഉടമസ്ഥർ സാമ്പത്തിക പിന്നോക്കാവസ്ഥയിൽ ഉള്ളവരും വീട് മാറ്റി സ്ഥാപിക്കാൻ ആവശ്യമായ മറ്റ് ഭൂമി ഇല്ലാത്തവരുമാണ്. അതുകൊണ്ട് തന്നെ അവരുടെ പുനരധിവാസം ഉറപ്പ് വരുത്തിവേണം പദ്ധതി നടപ്പാക്കൽ ആരംഭിക്കാൻ.
വീട് നഷ്ടപ്പെടുന്ന ഭൂഉടമസ്ഥരല്ലാത്ത അഞ്ച് പദ്ധതി ബാധിതർക്ക് പുനരധിവാസം ഉറപ്പ്വരുത്തേണ്ടത് പ്രത്യാഘാത ലഘൂകരണത്തിന് അത്യാവശ്യമാണ്. ഗവൺമെന്റിന്റെ ഭവന പദ്ധതിയിൽപ്പെടുത്തിയോ പദ്ധതി ബാധിതരുടെ നിർദ്ദേശങ്ങൾ, സ്വീകരിച്ചോ പുനരധിവാസം ഉറപ്പാക്കണം.

ജനപ്രതിനിധികളും, പ്രാദേശിക രാഷ്ട്രീയ നേതൃത്വവും, പദ്ധതി ബാധിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങളും, പ്രത്യേക താല്പര്യവും പ്രകടിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ജനപ്രതിനിധികളെയും, പ്രാദേശിക രാഷ്ട്രീയ നേതൃത്വങ്ങളെയും ഉൾപ്പെടുത്തി പുനരധിവാസ മേൽനോട്ട കമ്മറ്റി രൂപപ്പെടുത്തുന്നത് പുനരധിവാസം സംബന്ധമായ പരാതികൾ പരിഹരിക്കാൻ സഹായകരമാണ്. ഇത് പദ്ധതിയുടെ പ്രത്യാഘാത ലഘൂകരണത്തെ വലിയ അളവ് സഹായിക്കുകയും ചെയ്യും.

പദ്ധതിയുടെ സാമൂഹിക-സാമ്പത്തിക നേട്ടങ്ങൾ കണക്കാക്കുമ്പോഴും ശരിയായ പുനരധിവാസ - പുനർവ്വാസ പ്രവർത്തനങ്ങളിലൂടെ പ്രത്യാഘാത ലഘൂകരണം സാധ്യമാണ്. എന്നതിനാലും, പദ്ധതിയുടെ പൊതുതാല്പര്യം ഉയർന്ന നിലവാരത്തിലുള്ളതിനാലും അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാല പദ്ധതി പൊതുതാല്പര്യ പദ്ധതിയായി കണക്കാക്കാവുന്നതും, ഗവൺമെന്റ്മേൽ നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

പദ്ധതിയുടെ പൊതുതാൽപര്യവും പദ്ധതി മൂലം ഉണ്ടാകുന്ന പ്രയോജനവും ഉണ്ടാകാവുന്ന സാമൂഹിക പ്രത്യാഘാതത്തേക്കാൾ വളരെ വലുതായതു കൊണ്ടും നിയമം അനുശാസിക്കുന്ന പുനരധിവാസ പുനർവാസ നടപടിക്രമങ്ങളിലൂടെ പ്രത്യാഘാതത്തെ കുറയ്ക്കാനോ, ഇല്ലായ്മ ചെയ്യുവാനോ സാധിക്കും എന്നതിനാലും അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലം രണ്ടാംഘട്ട പദ്ധതി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനും ഉള്ള അവകാശ നിയമം 2013 (30-2013) സെക്ഷൻ 2(1)(ബി)(iii) പ്രകാരം പൊതു താൽപര്യ പദ്ധതിയായി കണക്കാക്കാവുന്നതും ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളുമായി മുന്നോട്ടു പോകാവുന്നതും ആണ്.

ചെയർമാൻ

സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റ്

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

## അനുബന്ധരേഖകൾ

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. ഗസറ്റ് നോട്ടിഫിക്കേഷൻ

©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY


| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2021 ഫെബ്രുവരി 17<br>17th February 2021<br>1196 കുംഭം 5<br>5th Kumbham 1196<br>1942 മാഘം 28<br>28th Magha 1942 | നമ്പർ<br>No. 786 |


ഫാറം നമ്പർ 4

(ചട്ടം 11 (3) കാണുക)

**വിജ്ഞാപനം**

C2-2381/19/DCEKM

2021 ഫെബ്രുവരി, 15

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് എറണാകുളം അറ്റ് ലാന്റിസ് റെയിൽവേ ഓവർ ബ്രിഡ്ജ് -ഫേസ് II- നിർമ്മാണത്തിന് വേണ്ടി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും ;

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013) വകുപ്പ് 4 (1) ലെ വ്യവസ്ഥകൾക്കനുസൃതമായി താഴെ പട്ടികയിൽ പറയുന്ന സ്ഥലത്ത് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന്

തീരുമാനിച്ചിരിക്കുന്നതിനാലും ;

ഇപ്പോൾ തന്മൂലം ജില്ലാതല സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായ കേരള വോളണ്ടറി ഹെൽത്ത് സർവ്വീസസ്, കോട്ടയം എന്ന യൂണിറ്റിനെ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും ചുമതലപ്പെടുത്തുന്നു. ഈ പ്രക്രിയ 30 ദിവസത്തിനകം തീർക്കേണ്ടതാണ്. ഒരു കാരണവശാലും 2 മാസത്തിൽ കൂടുവാൻ പാടുള്ളതല്ല.

പട്ടിക

(ഏകദേശ വിസ്തീർണ്ണം ചേർത്തിരിക്കുന്നു)

ജില്ല : എറണാകുളം താലൂക്ക് : കണയന്നൂർ

വില്ലേജ് : എറണാകുളം

| ക്രമ നമ്പർ | സർവ്വേ നമ്പർ | വിവരണം | വിസ്തീർണ്ണം ഹെക്ടറിൽ (ഹെ-ആർ-ച.മീ) |
|---|---|---|---|
| 1 | 1008 | നിലം | 0.0016 |
| 2 | 1017 | പുരയിടം | 0.0018 |
| 3 | 1017 | പുരയിടം | 0.0003 |
| 4 | 1027 | നിലം | 0.0324 |
| 5 | 1027 | നിലം | 0.0152 |
| 6 | 1028 | നിലം | 0.1253 |
| 7 | 1028 | നിലം | 0.0180 |
| 8 | 1028 | നിലം | 0.1228 |
| 9 | 1028 | നിലം | 0.0110 |
| 10 | 1028 | നിലം | 0.0310 |
| 11 | 1028 | നിലം | 0.0005 |
| 12 | 1191 | നിലം | 0.0121 |
| 13 | 1222 | പുരയിടം | 0.0202 |
| 14 | 1221 | പുരയിടം | 0.0482 |
| | | ആകെ | 0.4404 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വില്ലേജ് : എളംകുളം

| ക്രമ നമ്പർ | സർവ്വേ നമ്പർ | വിവരണം | വിസ്തീർണ്ണം ഹെക്ടറിൽ (ഹെ-ആർ-ച.മീ) |
|---|---|---|---|
| 1 | 906 | നിലം | 0.0445 |
| 2 | 1066 | പുരയിടം | 0.0050 |
| 3 | 1046 | നിലം | 0.0200 |
| | | ആകെ | 0.0695 |

ആകെ വിസ്തീർണ്ണം ഹെക്ടറിൽ 0.5099

(ഒപ്പ്)

**ജില്ലാ കളക്ടർ, എറണാകുളം**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.02.17 08:30:56

# അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലം - രണ്ടാംഘട്ടം

## പദ്ധതി ബാധിതരുടെ പേര് വിവരങ്ങൾ

| ക്രമ നം. | സർവ്വേ നമ്പർ | പേരും മേൽവിലാസവും | ഫോൺ നമ്പർ | ബാധിക്കപ്പെടുന്ന വസ്തുവിന്റെ വിവരണം |
|---|---|---|---|---|
| 1 | 1016/2 | ചീഫ് ജനറൽ മാനേജർ എച്ച്.ആർ. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ ഓഫീസ്,പന മ്പിള്ളിനഗർ, കൊച്ചി - 36 | 0484 2825404 | ഭൂമി നഷ്ടം, ചുറ്റ് മതിൽ |
| 2 | 901/1 | രാധാമണി, വിജയൻ, മധു, സുഗത പുളിത്തറ വീട്, പനമ്പിള്ളിന ഗർ, കൊച്ചി - 36 | 8089197071 | ഭവന നഷ്ടം (കോൺക്രീറ്റ്, ഡബിൾസ്റ്റോർ) |
| 3 | പുറംപോക്ക് | പി.കെ.ശശി, പുളിത്തറ വീട്, പനമ്പിള്ളിനഗർ, കൊച്ചി - 36 | 9562404964 | ഭാഗീക ഭവന നഷ്ടം (കോൺക്രീറ്റ്,) |
| 4 | 906/1 | എം.സി. ആന്റണി, മൂന്ന്കൂ ട്ടുങ്കൽ, പനമ്പിള്ളിനഗർ, | 7012661524 | ഭാഗീക ഭവന നഷ്ടം |
| 5 | പുറംപോക്ക് | സുരേന്ദ്രൻ, പെരുമ്പിള്ളിത്തറ, പനമ്പി ള്ളിനഗർ, | 9349247400 | ഭാഗീക ഭവന നഷ്ടം (ഷീറ്റ്) |
| 6 | പുറംപോക്ക് | പി.കെ. തങ്കമ്മ, പെരുമ്പിള്ളിത്തറ, പനമ്പി ള്ളിനഗർ, | 9349247400 | ഭവന നഷ്ടം |
| 7 | 906/1 | എൻ. എൻ. വിശ്വൻ(എൻ. എൻ.പോൾ, ) നടുവിലവീട്ടിൽ, റെഡ് ഷൈൻ കോളനി, പനമ്പി ള്ളിനഗർ, | 9847254569 | ഭാഗീക ഭവന നഷ്ടം (കോൺക്രീറ്റ്,) |
| 8 | (പുറംപോക്ക്) | എൻ.എക്സ് . ജോർജ് (ജോയി) നെടുനിലത്ത്, റഷ്യൻ കോളനി,പനമ്പിള്ളിനഗർ, | 9495157542<br>9746752613 | ഭാഗീക ഭവന നഷ്ടം (ഷീറ്റ്) |
| 9 | 906/1 | കെ.എൻ. രവി, (അഡ്വ. കെ. ആർ. വിനോദ്, നന്ദനം, ആർ.എം.വി.റോഡ്, എളമക്കര, കൊച്ചി 26 | 9846091338 | ഭാഗീക ഭവന നഷ്ടം (ഷീറ്റ്),വാടക |
| 10 | 1191/3<br>1009/6 | സെക്രട്ടറി, സ്കൈലൈൻ എമറാൾഡ് അപ്പാർട്ട്മെന്റ് ഒണേഴ്സ് അസോ | 9447056888 | ഭൂമി നഷ്ടം |

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

| | | | | |
|---|---|---|---|---|
| | | സിയേഷൻ, പനമ്പിള്ളി നഗർ, കൊച്ചി - 36 | | |
| 11 | 1008/5, 6,7,8,9,10,11 1017/1, 2 1221 | സെക്രട്ടറി, ലിങ്ക് ഹൈറ്റ്സ് ഒണേഴ്സ് അസോസിയേഷൻ പനമ്പിള്ളിനഗർ, കൊച്ചി - 36 | 9744466999 | ഭൂമി നഷ്ടം |
| 12 | പുറംപോക്ക് | തങ്കച്ചൻ | | ഭവന നഷ്ടം (ഷീറ്റ്) |
| 13 | പുറംപോക്ക് | റോമിയോ വർഗ്ഗീസ്, കൊച്ചു കാരോട്ട്, പനമ്പിള്ളി നഗർ, കൊച്ചി - 36 | 9496068927 | ഭവന നഷ്ടം (ഷീറ്റ്) |
| 14 | പുറംപോക്ക് | വിനോദ് രാജൻ | 9061107336 | ഭവന നഷ്ടം (ഷീറ്റ്) |
| 15 | പുറംപോക്ക് | ലാലി , വലിയപറമ്പിൽ | | |
| 16 | പുറംപോക്ക് | താമസം ഇല്ല | | |
| 17 | 1027/3 | ജിജോ കെ.ജെ. കട്ടിക്കാട്ട്, പറമ്പത്ത് റോഡ്, പനമ്പിള്ളിനഗർ ക്രോസ്റോഡ്, | 9847447231 | ഭാഗീക ഭവന നഷ്ടം (കോൺക്രീറ്റ്, ഡബിൾസ്റ്റോർ) |
| 18 | 1027/1 | പി.പ്രേംദാസ്, പെരുമ്പിള്ളിത്തറ, പറമ്പത്ത് റോഡ്, പനമ്പിള്ളിനഗർ ക്രോസ്റോഡ്, കൊച്ചി - 36 | 9744550041 | ഭാഗീക ഭവന നഷ്ടം |
| 19 | 1221 | മോനിക്ക സെലിൻ പ്ലെമേന മോളി, ജോർജ് മാളിയേക്കൽ പനമ്പിള്ളിനഗർ ക്രോസ്റോഡ്, കൊച്ചി - 36 | 9995218521 | ഭവന നഷ്ടം (കോൺക്രീറ്റ്,) |
| 20 | 1066 | എ.വി. ജോർജ് ആഞ്ഞിലിത്തറ ഹൗസ് പനമ്പിള്ളിനഗർ ക്രോസ്റോഡ്, കൊച്ചി - 36 | 7356927286 | ഭൂമി നഷ്ടം |
| 21 | 1027/1 | എൻ.എ. ജോസഫ് നടുവിലപ്പറമ്പിൽ പറമ്പിത്തറ റോഡ്, പനമ്പിള്ളിനഗർ | 9746611833 | ഭാഗീക ഭവന നഷ്ടം (കോൺക്രീറ്റ്, ഡബിൾസ്റ്റോർ) |
| 22 | 1027/1 | എൻ.എ. ജോർജ് നടുവിലപ്പറമ്പിൽ പറമ്പിത്തറ റോഡ്, പനമ്പിള്ളിനഗർ | 9847166914 | ഭൂമി നഷ്ടം |

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | | |
|---|---|---|---|---|
| 23 | 1027/1<br>1027/3 | ജോസഫ് പി.ജെ.<br>പറമ്പിലോത്ത്, ജോർജ്<br>ഈഡൻറോഡ് , പനമ്പിള്ളി<br>നഗർ | 9562289564 | ഭൂമി നഷ്ടം |
| 24 | 1027/1<br>1027/3<br>1221<br>1046 | ഫ. ജോൺ ബർക്കുമാൻസ്<br>കോയിത്തറ, കണ്ണാർകാട്ട്<br>കെ.പി.പാപ്പൻ (late) | 9447459901<br>8078145944 | ഭൂമി നഷ്ടം |
| 25 | 1028/1,2,3,4,5,6,8 | സ്കൈലൈൻ പീവീസ്<br>പ്രോപ്പർട്ടി പ്രൈ.ലി.<br>പീവീസ് ഹൗസ്, കളത്തിപ്പറ<br>മ്പിൽറോഡ്, കൊച്ചി - 16 | 9745997997 | ഭൂമി നഷ്ടം<br>കെട്ടിടം ഭാഗീക<br>നഷ്ടം |
| 26 | 2391/3 | വി.സുകുമാരൻ (Late)<br>കുഞ്ഞുമോൾ,<br>വിനോദ്,<br>ത്യാഗി കുഞ്ഞുമോൻ, അഭി<br>രാമ,<br>റ്റി.എസ്.വർഗ്ഗീസ്,<br>റാണി<br>തൊട്ടിൽപുതിയവീട്,<br>പെരുമാനുർ, കൊച്ചി - 16 | 9995151913 | ഭാഗീക ഭവന<br>നഷ്ടം<br>(കോൺക്രീറ്റ്,) |
| 27 | 2391/3 | റോസിൽ ലയോൺ<br>നെടുംപറമ്പിൽ,<br>പെരുമാനുർ, കൊച്ചി - 16 | 9947896424 | ഭവന നഷ്ടം<br>(കോൺക്രീറ്റ്,) |
| 28 | 1222 | സെൻട്രൽ ബോർഡ് ഓഫ്<br>ആഗ്ളോ ഇന്ത്യൻ ചാരിറ്റ<br>ബിൾ സൊസൈറ്റി,<br>സി.സി.പി.എൽ.എം.<br>ആഗ്ളോ ഇന്ത്യൻ<br>ഹൈസ്കൂൾ, പെരുമാനുർ,<br>കൊച്ചി - 16 | 9400667039 | ചുറ്റുമതിൽ,<br>ഭൂമി നഷ്ടം |

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.